# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.418

### 29-01-2019 ൽ മറുപടിക്ക്

### കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിഫ്ബി വർക്കുകളുടെ അംഗീകാരം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) 2018-19 സാമ്പത്തിക വർഷം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ എത്ര കിഫ്ബി വർക്കുകൾക്ക് കിഫ്ബി ബോർഡ് അനുമതി നൽകി എന്ന് വ്യക്തമാക്കാമോ; | 2018-2019 സാമ്പത്തിക വർഷം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ 2 പദ്ധതികൾക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ, കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പദ്ധതികളായ കടുത്തുരുത്തി റെയിൽവെ മേൽപ്പാലം, കുറവിലങ്ങാട് താലൂക്ക് ആശുപത്രി എന്നിവയുടെ ഡി.പി.ആർകൾക്ക് കിഫ്ബി ബോർഡ് അംഗീകാരം നല്കിയിട്ടുണ്ടോ; ഇവയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;<br>(സി) പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇവ തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും നേരിടേണ്ടിവന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ? | കടുത്തുരുത്തി റെയിൽവെ മേൽപ്പാലം എന്ന പദ്ധതിക്കായി നിയുക്ത നിർവഹണ ഏജൻസി ആയ ആർ.ബി.ഡി.സി.കെ തയാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്. കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറവിലങ്ങാട് താലൂക്ക് ആശുപത്രി എന്ന പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ കിഫ്ബിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടില്ല. കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുന്നത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ടി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തൃപ്തികരമെങ്കിൽ കിഫ് എക്സിക്യൂട്ടീവ് കമ്മിറ്റി/ ബോർഡ് സാമ്പത്തികാനുമതി നൽകുന്നതാണ്. ടി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ നിന്ന് കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ